പൊതുമേഖലാ സ്ഥാപനങ്ങൾ

207 (592) ശ്രീ. എളമരം കരീം:
ശ്രീ. പി. കെ. ഗുരുദാസൻ:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും, പുനരുദ്ധരിക്കാനും കാര്യക്ഷമമാക്കാനും ഉതകുന്ന പദ്ധതികൾ മുഖ്യപരിഗണനയിൽ ഉണ്ടോ; ഈ രംഗത്ത് മുൻ സർക്കാരിന്റെ പദ്ധതികൾക്ക് തുടർച്ച ഉണ്ടാകാതിരുന്നതാണ് പൊതുമേഖലാസ്ഥാപനങ്ങൾ പ്രതിസന്ധിയിലകപ്പെടാൻ കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ നഷ്ടത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയാണ്; ഇവയുടെ മൊത്തം നഷ്ടം എത്രയാണ്;

(സി) കഴിഞ്ഞ അഞ്ചു വർഷത്തെ ബഡ്ജറ്റുകളിലായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾ സാക്ഷാത്കരിക്കുവാൻ സാധ്യമായില്ല എന്നറിയിക്കുമോ;

(ഡി) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് അനിവാര്യമായിട്ടുള്ള ഘടകങ്ങൾ എന്തെല്ലാമാണ്; അതിനായി പരിഗണനയിലുള്ളതും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഉതകുന്ന പദ്ധതികൾക്ക് മുഖ്യ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. അവയുടെ പുരോഗതിക്ക് അനുകൂലമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള മുൻസർക്കാരിന്റെ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും അവശ്യഘട്ടങ്ങളിൽ ധനസഹായമുൾപ്പെടെയുള്ള സഹായങ്ങളും സർക്കാർ നൽകിവരുന്നു. ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ച വച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷം 30 സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവൃത്തിക്കുന്നു. ഇവയുടെ മൊത്തം നഷ്ടം 24119.00 ലക്ഷം രൂപയാണ്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടത്തിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുവേണ്ടി ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും വിപണനരംഗം ശക്തിപ്പെടുത്തിയും ലാഭത്തിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ പദ്ധതികളും നയസമീപനങ്ങളുമാണ് സ്വീകരിച്ചുവരുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെ പ്രവർത്തനം വിശദമായി പരിശോധിച്ച് അവയ്ക്കനുയോജ്യമായ ദീർഘ/ഹ്രസ്വകാല പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 880 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ

208 (593) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) ഇതിൽ പ്രവർത്തനക്ഷമമായവ ഏതെല്ലാമാണെന്നും പ്രവർത്തന ക്ഷമമല്ലാതെ കിടക്കുന്നത് ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(സി) പ്രവർത്തനക്ഷമമായതിൽ ലാഭകരമായി പ്രവൃത്തിക്കുന്നത് ഏതെല്ലാമാണെന്നും ലാഭകരമല്ലാത്തത് ഏതെല്ലാമാണെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly